സ്കൂളുകൾക്കുള്ള ഗ്രാൻറ്

72 [151] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഇ. ആർ.-ലെ രണ്ടാമത്തെ റൂൾ ഭേദഗതി ചെയ്തതിനു ശേഷം സ്കൂൾ കോംപൗണ്ട് വാളിന് അറ്റകുറ്റപ്പണി ചെയ്യുന്നതിനും ഗ്ലാസിനും കിണറിനും കളിസ്ഥലങ്ങൾക്കും അറ്റകുറ്റപ്പണി ചെയ്യുന്നതിനും ബഞ്ചും ട്യൂബും മാറ്റുന്നതിനും വേണ്ടി ഗ്രാൻറു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ വീതം;

(സി) പ്രസ്തുത ഇനത്തിൽ ആകെ നൽകിയ ഗ്രാൻറ് എത്ര?

ഉത്തരം

(എ) 6-11-84-ലെ ഗവൺമെൻറ് ഉത്തരവ് നമ്പർ (പി) 236/84/പൊ. വി. അനുസരിച്ച് ഈ പറഞ്ഞ ഇനങ്ങൾക്കുകൂടി ഗ്രാൻറ് ഉപയോഗിക്കാവുന്നതാണ്.

(ബി) ജില്ലാ ഉപജില്ലാ ഓഫീസർമാരാണ് ഗ്രാൻറ് അനുവദിക്കുന്നത്. എത്ര മാനേജുമെൻറുകൾ ഈ വക കാര്യങ്ങൾക്കു ഗ്രാൻറ് ഉപയോഗിച്ചുവെന്ന് ഇപ്പോൾ വിവരം ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

അഞ്ചാലുംമൂട് ഗവ:ഹൈസ്കൂളിന് സ്കൂൾ മന്ദിരം നിർമ്മിക്കാൻ നടപടി

73 [152] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാലുംമൂട് ഗവ:ഹൈസ്കൂളിലെ ഭരണാനുമതി ലഭിച്ചു കഴിഞ്ഞ സ്കൂൾ മന്ദിരം നിർമ്മിക്കാത്തതുമൂലം വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭരണാനുമതി നൽകിയ ജോലി കരാറുകാരുടെ അഭാവത്തിൽ നടന്നില്ല. ഫണ്ടിൻെറ അഭാവത്താൽ പുതുക്കിയ എസ്റ്റിമേറിന് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മുൻഗണനാ പ്രകാരം സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

വടക്കുംപാട് ഗവൺമെൻറ് ഹൈസ്കൂൾ

74 [153] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ വടക്കുംപാട് ഗവ: ഹൈസ്കൂളിന് കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly